

എം.കെ. രാമചന്ദ്രൻ

ഹിമാചൽപ്രദേശിലെ പവിത്രമായ ഒരു പ്രദേശമാണ് ലാഹുൾ-സ്പിതി താഴ്‌വര. താന്ത്രിക ബുദ്ധമതത്തിന്റെ ശക്തിസ്ഥാനങ്ങളിലൊന്ന്. സമുദ്രനിരപ്പിൽനിന്നു പതിനായിരത്തിലധികം അടി ഉയരത്തിൽ. കൊല്ലത്തിൽ പകുതിയിലധികം കാലം പുറംനാടുകളിൽനിന്ന് ഒറ്റപ്പെട്ടു കിടക്കുന്ന ദേശം. കാൽനടയായി അവിടേക്കു ചെല്ലുക. പവിത്രമായ ഒരു യാത്രാനുഭൂതിയാണ് അത്.

## ഹിമാലയത്തിലെ ഒരപൂർവ താഴ്‌വരയിലൂടെ

# ഡാകിനിമാരുടെ ഹൃദയഭൂമി

പരിപാവനമായ ഒരു ഭൂപ്രദേശവുമായി താദാത്മ്യം പ്രാപിക്കാൻ ശ്രമിക്കുമ്പോൾ നാം തിരിച്ചറിയുന്നത്, അമൂല്യവും ഉദാത്തവുമായ മാനുഷിക യാഥാർഥ്യങ്ങളെ, അതിന്റെ എല്ലാവിധ ദുർഗ്രഹ തലങ്ങളോടും കൂടിയാണ്. ആധുനിക ശാസ്ത്രത്തിനും സാങ്കേതികവിദ്യയ്ക്കും അത് അപ്രാപ്യമാണെങ്കിലും അതിന്റെ വാഹകരായി ഇന്നും നിലനിൽക്കുന്നത് ആത്മസാക്ഷാത്കാരം സിദ്ധിച്ച ഗുരുക്കന്മാരുടെ ആധ്യാത്മിക പൈതൃകമാണ്. ഈ ആധ്യാത്മികജ്ഞാനത്തിൽത്തന്നെയാണ് വിലമതിക്കാനാവാത്ത നമ്മുടെ പാരമ്പര്യവും വിശേഷഭാഗ്യവും ജീവസ്സുറ്റതായി ഇന്നും തെളിയുന്നത്.

നമ്മുടെ നന്മയ്ക്കായി പല ശ്രേഷ്ഠ ജന്മങ്ങളും ഇവിടെ അലഞ്ഞുതിരിഞ്ഞിട്ടുണ്ട്. ഇപ്പോഴും ഉണ്ട്. ലാഹുളിൽ (ഗർഷ) എത്തിപ്പെട്ടവരും അവിടെ ജന്മംകൊള്ളാൻ ഭാഗ്യം സിദ്ധിച്ചവരും തങ്ങളുടെ ജ്ഞാനചക്ഷുസ്സുകൊണ്ട് പ്രതിഫലിപ്പിച്ചതൊക്കെയും ചക്രസംവാരയുടെയും വജ്രവരാഹിയുടെയും പാവനത്വം തന്നെയായിരുന്നു. അവർ ഗർഷയെ (ലാഹുൾ) പേരുചൊല്ലി വിളിച്ചത് 'ഡാകിനിമാരുടെ ഹൃദയഭൂമി'എന്നാണ്. അവരുടെ വെളിപ്പെടുത്തലുകളിൽനിന്നു നമുക്ക് ഉറപ്പിക്കാം ഗർഷ അവർ തിരിച്ചറിഞ്ഞതുപോലെ യഥാർഥത്തിൽ വിശുദ്ധിയാൽ ശക്തവും മോക്ഷദായകവുമാണെന്ന്.

ബോധോദയം സിദ്ധിച്ച, അമാനുഷിക ശക്തികളായ, ഡാകന്മാരും ഡാകിനിമാരും ഒത്തുകൂടുന്ന പരിപാവന ഭൂമിയാണു ഗർഷ (Garsha). ഇവരുടെ അദൃശ്യസാന്നിധ്യം എപ്പോഴും ഇവിടെയുണ്ട്. ദിവ്യസന്ന്യാസിമാർക്കും യോഗികൾക്കും ഇവരെ കാണുവാനും സംവദിക്കുവാനും സാധിക്കും. 'ഗർഷ കൺഡ്രോളിങ്' (Khandroling) അഥവാ 'ഡാകിനിമാരുടെ നാട്' (Land of Dakinis) എന്നു വിളിക്കപ്പെടുന്ന താന്ത്രികമായ ലാഹുൾ താഴ്‌വര വജ്രയാനവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു പവിത്ര ഭൂമിയാണ്. ഒന്നാം നൂറ്റാണ്ടു മുതൽക്കുതന്നെ, പുരാതനകാലത്തെ താന്ത്രി



ചന്ദ്രാനദിയുടെ താഴ്‌വര

കബുദ്ധിസത്തിന്റെ പ്രചാരകരായിരുന്ന അനേകം ബുദ്ധമത ചിന്തകന്മാർക്കും ദിവ്യയോഗികൾക്കും ഈ പ്രദേശം ആതിഥേയത്വം വഹിച്ചിട്ടുണ്ട്. ആയിരം വർഷം മുൻപു ജീവിച്ചിരുന്ന നാഗാർജുനയും. ഗണ്ഡപായും (Drilbupa) ഇവിടെ വന്നിരുന്നതായി പല ഗ്രന്ഥങ്ങളിലും പറയുന്നുണ്ട്. ശൈവയോഗികളുടെ പ്രാമാണിക ഗ്രന്ഥങ്ങളിലും ലാഹുളിനെക്കുറിച്ച് പരാമർശിക്കുന്നതിനാൽ വിശാല കാശ്മീരത്തിൽനിന്നു പല ശൈവയോഗികളും ഇവിടെ എത്തിയതായി കരുതാം.

## ഒറ്റയ്ക്ക്, ഉയരത്തിൽ

ഹിമാചൽപ്രദേശ് സംസ്ഥാനത്തിന്റെ തിബത്ത് അതിർത്തിയോടു തൊട്ടുകിടക്കുന്ന ഒരു ജില്ലയാണ് ലാഹുൾ ആൻഡ് സ്പിതി. ഹിമാചൽപ്രദേശിലെ പന്ത്രണ്ടു ജില്ലകളിൽ ഒന്നാണിത്. രണ്ടു ജില്ലാ സബ്ഡിവിഷനുകളെ ഒന്നായി ചേർത്താണ് ലാഹുൾ ആൻഡ് സ്പിതി ജില്ല രൂപീകരിച്ചത്. ഇതു പൂർണമായും ഷെഡ്യൂൾഡ് ട്രൈബ്സ് സംവരണ വിഭാഗത്തിൽപ്പെട്ടതാണ്. വടക്കുഭാഗത്തു ലഡാക്കും കിഴക്ക് സ്പിതിയും തെക്ക് കുളുവും പടിഞ്ഞാറ് ചമ്പയുമാണ് ലാഹുളിന്റെ അതിർത്തിപ്രദേശങ്ങൾ. ചൈനീസ് സഞ്ചാരിയായ ഹ്യൂയാൻ സാങ് ലാഹുൾ പ്രദേശത്തുകൂടി സഞ്ചരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശദീകരണപ്രകാരം Lhahi-yul എന്ന തിബത്തൻ പദത്തിൽനിന്നാണ് ലാഹുൾ (Lahaul) എന്ന പേര് ഉദ്ഭവിച്ചത്. 'ദൈവങ്ങളുടെ നാട്' എന്നാണിതിന്റെ അർഥം. മഴയില്ലാത്ത ഹിമാലയൻ താഴ്‌വര എന്നു ലാഹുളിനെ വിളിക്കുന്നതിൽ ഒട്ടും അപാകതയില്ല. രണ്ടോ മൂന്നോ ചാറ്റൽമഴ മാത്രമേ, ഒരു വർഷത്തിൽ, ഇവിടെ ലഭിക്കാറുള്ളൂ. പക്ഷേ, ഹിമാനികളുടെ ആധിക്യത്താൽ വർഷം മുഴുവനും ഈ ഹിമാലയൻ താഴ്‌വര കൊടുംതണുപ്പിൽ ആണ്ടു കിടക്കുന്നു. ഹിമാനികളിൽനിന്ന് ഉദ്ഭവിക്കുന്ന ചന്ദ്ര,ഭാഗ, യുനം എന്നീ നദികളുടെ ശക്തമായ ഒഴുക്കു കണ്ടാൽ ആരും അദ്ഭുതപ്പെട്ടുപോകും. ജൂൺ 15 നുശേഷം മാത്രമേ ലാഹുൾ ആൻഡ് സ്പിതി ജില്ലയിലേക്ക് പുറത്തുനിന്നുള്ളവർക്കു പ്രവേശനമുള്ളൂ. ഒക്ടോബർ രണ്ടാംവാരത്തോടെ പ്രവേശനം സാധ്യമല്ലാതാകും. ഒക്ടോബർ മുതൽ മേയ് അവസാനംവരെ ഈ പ്രദേശമൊട്ടാകെ കൊടുംമഞ്ഞാൽ മൂടപ്പെട്ടു കിടക്കുന്നു. പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതെ തികച്ചും ഒറ്റപ്പെട്ടുപോകു



ന്ന ഇവിടത്തെ അവസ്ഥ തികച്ചും ദയനീയമാണ്. കടുത്ത രോഗങ്ങൾ പിടിപെട്ടാൽ ഹെലികോപ്ടറിൽ അടുത്ത ജില്ലകളിലേക്കു രോഗികളെ കൊണ്ടുപോകുന്നു. കാലതാമസം വന്നാൽ ജീവഹാനിതന്നെ ഫലം.

എട്ടുമാസത്തോളം ഈ പ്രദേശം ഒറ്റപ്പെട്ടുപോകുന്നതുകൊണ്ട് സർക്കാർ ഇവരുടെ കാര്യത്തിൽ വേണ്ടശ്രദ്ധ ചെലുത്തുന്നുണ്ട്. ഇത്രയും സമയത്തേക്ക് ആവശ്യമുള്ള ഡീസൽ, പെട്രോൾ, മണ്ണെണ്ണ, ഗ്യാസ് എന്നിവ മുതൽ റേഷൻ സാമഗ്രികളത്രയും സർക്കാർ ഗോഡൗണുകളിൽ ശേഖരിച്ചു സൂക്ഷിക്കുന്നു. ഭരണകാര്യങ്ങളെല്ലാം മിക്കവാറും സ്തംഭനാവസ്ഥയിലാകുമെങ്കിലും അവശ്യസർവീസുകൾ ഫലപ്രദമായി നിലനിർത്താൻ സംവിധാനങ്ങളുണ്ട്. 13,835 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള ലാഹുളിൽ 35,000 ത്തോളം മാത്രമേ ജനസംഖ്യയുള്ളൂ. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിനു രണ്ടു മാത്രം! ജനസംഖ്യയുടെ എഴുപത്തിയേഴു ശതമാനവും പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കളാണ്. ബുദ്ധമതത്തിൽപ്പെട്ടവർ പതിനഞ്ചു ശതമാനത്തോളം വരും. ലാഹുളി, ഭോട്ടിയ, ഹിന്ദി എന്നീ ഭാഷകളാണു ഭൂരിഭാഗവും സംസാരിക്കുന്നത്. പഞ്ചാബി ഭാഷയും ചില ഭാഗങ്ങളിൽ പ്രചാരത്തിലുണ്ട്. 10,700 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് താപനില, മഞ്ഞുകാലത്ത് മൈനസ് ഇരുപതിനു മുകളിൽ എത്തുന്നു.

## കുറഞ്ഞ ജനസംഖ്യ

മധ്യേഷ്യയിൽനിന്നു കുടിയേറ്റം നടത്തിയ ആര്യൻ, ശാക, ഖാസ എന്നീ ജനവിഭാഗങ്ങളും തിബത്തിൽനിന്നു വന്നുചേർന്നവരും ബംഗാളിൽനിന്നു കുടിയേറിയ മുണ്ഡ വർഗക്കാരുമാണ് ലാഹുളിലെ പൂർവികരെന്നു ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു. Bodhs, Swanglas, Shipi, Lohars എന്നീ സമുദായത്തിൽപ്പെട്ടവരാണ് ഇപ്പോൾ ലാഹുളിൽ

**ആകാശത്തിന്റെ നീലനിറം കണ്ടാൽ വിസ്മയിച്ചുപോകും. ഇത്തരത്തിലുള്ള ഒരു നീലാകാശം മറ്റൊരു ഹിമാലയ മേഖലകളിലും കാണുവാൻ കഴിയുകയില്ല. പോക്കുവെയിലിന്റെ സമയത്ത് ഈ ദൃശ്യവിരുന്നിനു പത്തരമാറ്റ് തങ്കത്തിന്റെ തിളക്കം.**

സൗഹൃദത്തോടെ കഴിഞ്ഞുകൂടുന്നത്. ഹിന്ദുമതക്കാരും ബുദ്ധമതക്കാരും ക്ഷേത്രങ്ങളിലും മൊണാസ്ട്രികളിലും ഒന്നിച്ചുനിന്നു പ്രാർഥിക്കുന്ന കാഴ്ച, ഒരുപക്ഷേ, ഇവിടെ മാത്രം ദർശിക്കാൻ സാധിക്കുന്ന ഒന്നാണ്. പൊതുവേ, സസ്യേതര ഭക്ഷണമാണു താൽപ്പര്യമെങ്കിലും പച്ചക്കറികളും പഥ്യം തന്നെയാണ്. ചാങ്, ലുഗ്റി എന്നീ നാടൻ മദ്യങ്ങൾ വാറ്റിയെടുത്ത് സ്ത്രീ-പുരുഷന്മാർ വ്യാപകമായി ഉപയോഗിക്കുന്നു. ഇവിടത്തെ കൊടും തണുപ്പിനെ അകറ്റാൻ മദ്യം ആവശ്യമാണെന്ന് ഇവർ വിശ്വസിക്കുന്നു.

മനം മയക്കുന്ന പ്രകൃതിസൗന്ദര്യംകൊണ്ട് അനുഗൃഹീതമാണ് ഈ താഴ്വരകൾ. മഴയില്ലാത്തതിനാൽ ഇടതൂർന്ന വനമേഖലകൾ കുറവാണ്. എന്നാലും ജൂനിപർ, ബ്ലൂ പൈൻ, ബിർച്ച്, വില്ലോ, പോപ്ലാർ, സ്പ്രൂസ്, വാൾനട്ട്, റോഡൻഡെൻട്രോൺ എന്നീ ഇനത്തിൽപ്പെട്ട വൃക്ഷങ്ങളും മറ്റു ചെറുവൃക്ഷങ്ങളും ഉയർന്ന മലഞ്ചെരുവുകളിൽ ധാരാളം കാണാം. വിവിധയിനം കാട്ടുപുഷ്പങ്ങളും കാ



*ഡാകിനിയുടെ പാദമുദ്ര*

റു (gentia), പതിഷ് (patish), ധൂപ് തുടങ്ങിയ ചെറുപുഷ്പങ്ങളും മലമടക്കുകളിൽ സർവസാധാരണമാണ്. മഞ്ഞുപുലി, ഐബെക്സ്, ചെന്നായ, ചുവന്ന കുറുക്കൻ, തവിട്ടുകരടി, ഹിമാലയൻ കുറുക്കൻ, മഞ്ഞുചെന്നായ, മഞ്ഞുമുയൽ, കസ്തൂരി മാൻ, നീല കാട്ടാട് തുടങ്ങിയ അപൂർവ മൃഗസമ്പത്ത് ലാഹുൾ താഴ്വരയെ സമ്പന്നമാക്കുന്നു. മഞ്ഞുപ്രാവ്, ചുക്കോർ (Chukor), വിവിധയിനം കഴുകന്മാർ, മീവാൾ (Martins), ചിലയിനം കുരുവികൾ തുടങ്ങിയ പക്ഷിസമ്പത്ത് അത്ര വിപുലമാണെന്നു പറഞ്ഞുകൂടാ.

തീർഥാടനം നടത്തുന്നവർക്ക് ആത്മീയ സാക്ഷാത്കാരമാർഗത്തിന്റെ പ്രചോദനമാണു ലാഹുൾ. സഞ്ചാരികൾക്കാണെങ്കിൽ സ്വർഗീയാനുഭൂതി പകർന്നു തരുന്ന സ്വപ്നഭൂമിയാണിത്. ചക്രവാളത്തെ തൊട്ടുരുമ്മിയപോലെ നിലകൊള്ളുന്ന ഹിമപർവതനിരകളും അതിന്റെ താഴ്വാരങ്ങളിൽ സ്ഥിതിചെയ്യുന്ന അനന്തമായ കൃഷിയിടങ്ങളും ഇതിന്റെ ഇടയിൽക്കൂടി കുതിച്ചൊഴുകുന്ന നദീപ്രവാഹങ്ങളും താഴ്ന്നിറങ്ങിക്കിടക്കുന്ന കുന്നിൻചെരുവുകളിലെ വൃക്ഷസാമ്രാജ്യങ്ങളും അദ്ഭുതത്തോടുകൂടി മാത്രമേ ആസ്വദിക്കാൻ സാധിക്കുകയുള്ളൂ. ആകാശത്തിന്റെ നീലനിറം കണ്ടാൽ വിസ്മയിച്ചുപോകും. ഇത്തരത്തിലുള്ള ഒരു നീലാകാശം മറ്റൊരു ഹിമാലയ മേഖലകളിലും കാണുവാൻ കഴിയുകയില്ല. പോക്കുവെയിലിന്റെ സമയത്ത് ഈ ദൃശ്യവിരുന്നിനു പത്തരമാറ്റ് തങ്കത്തിന്റെ തിളക്കം. നെറ്റിപ്പട്ടം അണിഞ്ഞ് അർധവൃത്താകൃതിയിൽ നിലകൊള്ളുന്ന ഗജവീരന്മാരെപ്പോലെയുള്ള പർവതനിരകൾക്ക് വെഞ്ചാമരം വിരിയിച്ചു കൊടുക്കുന്നത് ഹിമത്തൊപ്പി അണിഞ്ഞ ഉന്നത ശൃംഗങ്ങളാണ്. ഇന്ദ്രനീലം പോലെയുള്ള പട്ടുകുട ചൂടിക്കൊണ്ട് നീലാകാശം ചാരുതയോടെ നിലകൊള്ളുമ്പോൾ ഡാകിനി ദേവതമാരുടെ ഹൃദയഭൂമി ഒരു സ്വർഗീയാനുഭവമായി മാറുന്നു.

മനം മയക്കുന്ന കാഴ്ചകളാൽ സമ്പുഷ്ടമാണു ലാ

ഹുൾ താഴ്‌വര. ബാരാലച ചുരത്തിലെ സൂരജ് താൾ തടാകത്തിൽനിന്ന് ഉദ്ഭവിക്കുന്ന ഭാഗ നദി, ഈ ചുരത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തുനിന്ന് ഒഴുകിവരുന്ന ചന്ദ്രാ നദി, ഈ രണ്ടു നദികൾ സംഗമിച്ച് ചന്ദ്രഭാഗ നദിയായിത്തീരുന്ന ടാൻടി പ്രദേശം, ജില്ലാ ആസ്ഥാനമായ കീലോങ്, ത്രിലോകിനാഥ് ക്ഷേത്രം, മൃകുളാദേവി ക്ഷേത്രം, ഗുരു ഗന്ധാൾ-കാർഡങ്-ഷാഷൂർ-തായുൾ-ജെമൂർ തുടങ്ങിയ ബുദ്ധമത മൊണാസ്ട്രികൾ, ട്രെക്കിങ്ങിനു സൗകര്യമുള്ള നിരവധി പർവതങ്ങൾ തുടങ്ങിയവ തീർഥാടകർക്കും സഞ്ചാരികൾക്കും ആനന്ദാനുഭൂതി പകർന്നു തരുന്നവയാണ്.

## സ്പിതി താഴ്‌വര

ലാഹുൾ താഴ്‌വരയെ അപേക്ഷിച്ചു നോക്കുമ്പോൾ സ്പിതി താഴ്‌വരയ്ക്കു പ്രകടമായ നിരവധി മാറ്റങ്ങളുണ്ട്. ജില്ലയുടെ മൊത്തം വിസ്തീർണമായ 13,835 ചതുരശ്ര കിലോമീറ്ററിൽ 4,800 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തീർണമുള്ള സ്പിതിക്ക് 'Little Tibet' എന്ന അപരനാമം കൂടിയുണ്ട്. മധ്യത്തിൽ സ്ഥിതി ചെയ്യുന്ന രാജ്യം-Middle country എന്നാണു സ്പിതിയുടെ അർഥം. കുൻസും ചുരമാണു ലാഹുളിനെയും സ്പിതിയെയും വേർതിരിക്കുന്ന സ്ഥലം. ലഡാക്ക്, കിന്നർ, തിബത്ത്, കുളു എന്നിവയാണു സ്പിതിയുടെ അതിർത്തിപ്രദേശങ്ങൾ. തിബത്തിനെപ്പോലെ വരണ്ട കാലാവസ്ഥയും ശുഷ്കമായ പച്ചപ്പും ജനങ്ങളുടെ ആചാരാനുഷ്ഠാനരീതികളുംകൊണ്ടാണ് സ്പിതിയെ Little Tibet എന്നു വിളിക്കാൻ കാരണം. ഇവിടത്തെ ജനങ്ങളിൽ ഭൂരിഭാഗവും ബുദ്ധമത വിശ്വാസികളുമാണ്. പുറമേ നിന്നുള്ളവർക്കു നാലുമാസത്തോളം മാത്രമേ ലാഹുളിലേക്കു പ്രവേശനമുള്ളൂവെങ്കിൽ സ്പിതിയിലേക്ക് ഒൻപതു മാസത്തോളം പ്രവേശനം സാധ്യമാണ്. കടുത്ത മഞ്ഞുകാലം ഏകദേശം മൂന്നുമാസത്തോളം മാത്രമേയുള്ളൂ. ഹിമാചൽപ്രദേശിനെ ഒന്നു പ്രദക്ഷിണം വയ്ക്കുന്നപോലെ സഞ്ചരിച്ചാൽ ലാഹുൾ ആൻഡ് സ്പിതിയിൽ എത്താനുള്ള വഴിയെക്കുറിച്ച് പൂർണമായൊരു അറിവു ലഭിക്കും. ഷിംലയിൽനിന്ന് കുളു-മനാലി വഴി റോത്തങ് ചുരം കടന്ന് ഗ്രംപു എന്ന സ്ഥലത്തെത്തിയാൽ ലാഹുളിന്റെ ആസ്ഥാനമായ കീലോങ് ലക്ഷ്യംവച്ചു മുന്നോട്ടു പോകാം. ഗ്രംപുവിൽനിന്നു നേരേ മുന്നോട്ടു പോയാൽ ലെ-ലഡാക്ക്-കാർഗിൽ വരെ എത്തിച്ചേരാം. കീലോങ്ങിൽനിന്ന് കൊക്സർ-ചത്റൂ-ചോട്ടാധട-ബാടൽ വഴി ഇരുനൂറോളം കിലോമീറ്റർ സഞ്ചരിച്ചാൽ സ്പിതിയുടെ ആസ്ഥാനമായ കാസയിൽ എത്താം. ഒരുപക്ഷേ, ഹിമാലയത്തിലെ ഏറ്റവും അപകടകരമായ വഴികളിൽ ഒന്നാണിത്. ഉയർന്ന മലമുകളിൽക്കൂടിയും അത്യഗാധമായ മലയിടുക്കുകളിൽക്കൂടിയും നൂറിലധികം കിലോമീറ്റർ, അതും വിജനമായ പ്രദേശത്തുകൂടി സഞ്ചരിക്കുമ്പോൾ അനുഭവിക്കുന്ന മാനസിക സമ്മർദം ഊഹിക്കാവുന്നതേയുള്ളൂ. പല ഭാഗത്തും സഞ്ചാരയോഗ്യമായ വഴിപോലുമില്ല. മൂന്നു മാസക്കാലത്തോളം മാത്രമേ ഈ വഴിയിൽക്കൂടി സഞ്ചരിച്ച് സ്പിതിയുടെ ആസ്ഥാനമായ കാസയിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ.

## സഞ്ചാരവഴികൾ

ഷിംലയിൽനിന്നു നേരേ എതിർവഴിയിൽക്കൂടി സഞ്ചരിച്ച് രാംപൂർ വഴി കിന്നർ ജില്ലയുടെ ആസ്ഥാനമായ റിക്കോങ്പിയോയിൽ എത്താം. ഇവിടെനിന്നു നാക്കൊ വഴി ദുർഘടമായ മലമ്പാതകളിൽക്കൂടി യാത്ര ചെയ്താൽ സ്പിതിയുടെ ആസ്ഥാനമായ കാസയിൽ എത്തിച്ചേരാം. നാനൂറിലധികം കിലോമീറ്റർ ദൂരമുള്ള ഈ വഴിയും ബുദ്ധിമുട്ടേറിയതാണ്. ജൂൺ മാസത്തിനു ശേഷമാണെങ്കിൽ കാസയിൽനിന്ന് ലാഹുളിന്റെ ആസ്ഥാനമായ കീലോങ്വരെ പോകാം. അവിടെനിന്ന് റോത്തങ് ചുരം-മനാലി-കുളു വഴി ഷിംലയിൽ എത്തിയാൽ ഹിമാചൽപ്രദേശിനെ ഒന്നു പ്രദക്ഷിണം വച്ചപോലെയായി.

കാസയിൽനിന്നു പത്തു കിലോമീറ്റർ ദൂരെയുള്ള പു



*നദിയിൽ ഒഴുകിവന്ന മഞ്ഞുമല*

ഹ് എന്ന സ്ഥലത്തുള്ള ഷിപ്കി ചുരത്തിനു താഴെക്കൂടി സത്‌ലജ് നദി ഇന്ത്യയിലേക്കു പ്രവേശിക്കുന്നു. ഇതിന്റെ അടുത്തുള്ള കാബ് എന്ന സ്ഥലത്തുവച്ച് സ്പിതി നദി സത്‌ലജിൽ ചേരുന്നു. കുൻസും ചുരത്തിൽനിന്നുദ്ഭവിക്കുന്ന സ്പിതിനദി താഴ്‌വരകളിൽക്കൂടി 130 കിലോമീറ്റർ ഒഴുകിയ ശേഷമാണ് സത്‌ലജിൽ ചേരുന്നത്. സ്പിതി താഴ്‌വരയ്ക്ക് അത്ര സൗന്ദര്യമൊന്നും അവകാശപ്പെടാനില്ല. മഞ്ഞാൽ മൂടപ്പെട്ടുകിടക്കുന്ന ഹിമപർവത നിരകൾക്ക് അതിന്റേതായ ദർശനസുഖമുണ്ടെങ്കിലും താഴോട്ടുള്ള കാഴ്ച ഒട്ടും സുഖമുള്ളതല്ല. നിരന്തരം കല്ലുവീഴ്ച നടക്കുന്നതിനാൽ ഭീതിജനകമാണ് താഴ്‌വരകൾ. അംബരചുംബികളായ കരിങ്കൽ ശൈലങ്ങളിൽനിന്ന് അടർന്ന് താഴോട്ടു പതിക്കുന്ന വലിയ കല്ലുകൾ ഇതുവഴി പോകുന്ന വാഹനങ്ങൾക്ക് വൻഭീഷണിയാണ്. മഞ്ഞിന്റെ ആധിക്യം താഴ്‌വരകളിൽ കുറവാണെങ്കിലും, മണ്ണിൽ പുതഞ്ഞുകിടക്കുന്ന ഹിമാനികൾ വൻവിപത്താണ്. മൺസൂൺ സമയത്ത് രണ്ടോ മൂന്നോ മിതമായ മഴ മാത്രമേ സ്പിതിയിൽ പതിവുള്ളൂ. പക്ഷേ, ഹിമപർവതങ്ങളും ഹിമാനികളും ഈ താഴ്‌വരയെ ജലസമ്പുഷ്ടമാക്കുന്നു. വനം ഇല്ലെന്നു മാത്രമല്ല, താഴ്‌വരയിൽപ്പോലും വൃക്ഷങ്ങൾ വളരെ കുറവാണ്. മഞ്ഞുഭൂമിയിൽ ജീവിക്കുന്ന വന്യമൃഗങ്ങളും പാറക്കെട്ടുകളിൽ താവളമടിക്കുന്ന പക്ഷികളും ഈ പ്രദേശത്ത് ധാരാളമുണ്ട്. സ്പിതിയിലെ ജനസംഖ്യയിൽ ഭൂരിഭാഗവും ബുദ്ധമതക്കാരാണെങ്കിലും മൃഗങ്ങളുടെ മാംസമാണ് ഇവരുടെ ഇഷ്ടഭോജ്യം. കടുത്ത ബുദ്ധമത വിശ്വാസികളാണ് ഇവർ. പക്ഷേ, ശ്രീബുദ്ധന്റെ പരമപ്രധാനമായ അഹിംസാതത്ത്വം ഇവർക്ക് ബാധകമല്ലെന്നു തോന്നുന്നു. യാക്ക്, ആട് എന്നീ മൃഗങ്ങളെ ഹത്യ ചെയ്ത് ഇവർ അവയുടെ മാംസം നിത്യവും ഭക്ഷിക്കുന്നു. മൃഗങ്ങളുടെ കൊമ്പുകളും അസ്ഥികളും ഓരോ സ്ഥലത്ത് കൂമ്പാരം കൂട്ടിയിട്ടിരിക്കുന്നതു കാണുമ്പോൾ അദ്ഭുതം തോന്നും.

സ്പിതിയുടെ സൗന്ദര്യം കിഴക്കും പടിഞ്ഞാറും താഴ്‌വരകളിൽ മാത്രമേയുള്ളൂ. കിന്നർ ജില്ലയോടു തൊട്ടുകിടക്കുന്ന കിഴക്കൻ താഴ്‌വരയും കിന്നർ-കുളു ഭാഗത്തോടു ചേർന്നു കിടക്കുന്ന പടിഞ്ഞാറൻ താഴ്‌വരയും പ്രകൃതിരമണീയമാണ്. 21,750 അടി ഉയരമുള്ള ഗ്യ കൊടുമുടി (Gya Peak), 15,570 അടി ഉയരത്തിലുള്ള ബാബ ചുരം, 17,675 അടി ഉയരത്തിലുള്ള മണിരംഗ് ചുരം, 17,100 അടി ഉയരത്തിലുള്ള പാർവതി ചുരം തുടങ്ങി ഉന്നത ഹിമശൃംഗങ്ങളുടെ ഒരു വലിയ നിരതന്നെ ഈ ഭാഗങ്ങളിലുണ്ട്. കുൻസും ചുരം, പ്രധാനപ്പെട്ട ബുദ്ധമത മൊണാസ്ട്രികളായ Kye, Thang Yud Gompa, Kungri Gompa, Dhankar മൊണാസ്ട്രി, ടാബോ മൊണാസ്ട്രി എന്നിവയും സഞ്ചാരികൾക്കു പ്രിയങ്കരമാണ്.

ഡാകിനിമാരുടെ ഹൃദയഭൂമി, ഗർഷ, ഇന്നത്തെ ലാഹുൾ ആൻഡ് സ്പിതി എന്നൊക്കെ വിളിക്കുന്ന ഹിമാചൽപ്രദേശിലെ ഈ ജില്ല ആധ്യാത്മിക ചൈതന്യത്തിന്റെ നിറകുടമാണ്. ഡാകിനിമാരുടെയും യോഗികളുടെയും നാടായ ഗർഷയിലേക്കുള്ള തീർഥാടനത്തിലൂടെ സാധ്യമാകുന്നതു നമ്മുടെ ശരീരവും മനസ്സും ഉൾപ്പെടുന്ന മുഴുവൻ സ്വത്വത്തിന്റെയും ചൈതന്യസമാഹരണമാണ്. ആ ശക്തിസ്രോതസ്സിനെ പല തലങ്ങളിലൂടെ അനുഭവിച്ചറിയാനും ഈ പ്രപഞ്ചത്തിന്റെ ചലനാത്മകമായ വാഹകരാകാനും ഇതു നമ്മെ പ്രാപ്തരാക്കുന്നു. വജ്രയാനപാരമ്പര്യത്തിൽ ഇത്തരമൊരു തീർഥാടനം, സാക്ഷാത്കാരത്തിലേക്കുള്ള യാത്രയുടെ ആഴമേറിയ തലങ്ങളിൽ പ്രവേശിക്കുവാൻ അധികാരമുള്ള യോഗികൾക്ക് തികച്ചും ആവശ്യമാണ്. പക്ഷേ, ആ തലങ്ങളിൽ എത്തിപ്പെടാൻ



**ഡാകിനിമാരുടെയും യോഗികളുടെയും നാടായ ഗർഷയിലേക്കുള്ള തീർഥാടനത്തിലൂടെ സാധ്യമാകുന്നതു നമ്മുടെ ശരീരവും മനസ്സും ഉൾപ്പെടുന്ന മുഴുവൻ സ്വത്വത്തിന്റെയും ചൈതന്യസമാഹരണമാണ്.**

നാം നമ്മുടെ ശരീരം ഈ താന്ത്രിക ചുറ്റുപാടിലെ ഒരു സൂക്ഷ്മ ജഗത്താണെന്നു തിരിച്ചറിയണം. ബാഹ്യമായ താന്ത്രികപ്രദേശങ്ങൾ നമ്മുടെ ആന്തരിക ഊർജതലങ്ങളുമായി സംവദിക്കും. ഈ യോഗാത്മകമായ പാത ബാഹ്യലോകത്തെയും ആന്തരികലോകത്തെയും ഒന്നിപ്പിക്കുന്ന ഒരു യാത്രയായതിനാൽ ഈ താന്ത്രിക തീർഥാടനം തീർച്ചയായും സാർവത്രിക സമന്വയം സാധ്യമാക്കുന്ന ഒരു പാവന പ്രക്രിയയാണ്. ഇത്തരം സൂക്ഷ്മമായ ആശയവിനിമയം അതിന്റെ എല്ലാ വിശദാംശങ്ങളോടും കൂടി മനസ്സിലാകാൻ സാധ്യമല്ലെങ്കിലും കുറഞ്ഞത്, അത്തരം ഒരു ആശയവിനിമയം ഇവിടെ സംഭവിക്കുന്നു എന്നറിയുന്നതുതന്നെ മഹത്തരമാണ്.

മഹായാന ബുദ്ധിസത്തിന്റെ ഉള്ളിൽത്തന്നെ നിലനിന്നിരുന്ന വിശേഷപ്പെട്ട ഒരു പാതയാണ് വജ്രയാന അഥവാ താന്ത്രിക ബുദ്ധിസം. അതിലെ നൈപുണ്യം ജീവിതത്തിന്റെ സമസ്ത ശക്തികളെയും ആവാഹിക്കാൻ ഉതകുന്നതാണ്. മന്ത്രങ്ങളിലൂടെയും സങ്കൽപ്പങ്ങളിലൂടെയും അനുഷ്ഠാനപരമായ അംഗവിക്ഷേപങ്ങളിലൂടെയും ദൈവികമായ നൃത്തത്തിലൂടെയും യോഗവിദ്യയിലൂടെയും അത് ആവാഹിച്ച് സ്വായത്തമാക്കുന്നത് ശരീരത്തിന്റെയും വാക്കിന്റെയും മനസ്സിന്റെയും സമസ്ത സൂക്ഷ്മശക്തികളെയാണ്. പക്ഷേ, ബാഹ്യേന്ദ്രിയഗോചരമായ ലോകത്തെ, നമ്മുടെ മനസ്സിന്റെ ആന്തരികഭാവവുമായി യോജിപ്പിക്കാൻ പ്രാപ്യമാക്കുന്ന 'സംഭോഗാകായ' എന്ന സൂക്ഷ്മമായ ആന്തരികതലത്തിലെത്തിപ്പെടാൻ, പരിശുദ്ധനും പ്രാപ്യനുമായ ഒരു ഗുരു അത്യന്താപേക്ഷിതമാണ്.

മുജ്ജന്മപുണ്യംകൊണ്ടോ വിലമതിക്കാനാവാത്ത കർമബന്ധങ്ങൾകൊണ്ടോ ഹിമാലയത്തിലെ പല നിവാസികളും ഈ അളവറ്റ അനുഗ്രഹത്തിനു പാത്രീഭവിച്ചിട്ടുണ്ട്. നാം ഈ പാതയിലേക്കുള്ള ഉപദേശം സ്വീകരിച്ചു കഴിഞ്ഞാൽ



പ്പിന്നെ ഈ പ്രപഞ്ചത്തിലെ ഏറ്റവും ഉദാത്തമായ ശക്തികളുമായി സദാ ബന്ധപ്പെട്ടിരിക്കുകയെന്നത് പ്രാപ്യവും ലളിതവുമായി മാറും. ഇതിനാവശ്യമുള്ളത് ശുദ്ധമായ സ്ഥിരോത്സാഹവും പ്രതിജ്ഞകൾ നിലനിർത്താൻ ശക്തമായ ഒരു മനസ്സും മാത്രം. ആ ദ്രുതപാതയിലേക്കു മുഴുവനായി മുഴുകാൻ സാധിച്ചില്ലെങ്കിലും അതിനെ കുറച്ചൊന്ന് പരിപോഷിപ്പിക്കാനും അതുവഴി ആ ദീപം അണയാതിരിക്കാനും ശ്രദ്ധിക്കുകയെങ്കിലും ചെയ്യാം. അനാരോഗ്യത്തെ ദൂരീകരിക്കുന്നതിനും സമൃദ്ധിയെ കൈവരിക്കുന്നതിനും സാധിക്കുമെന്നതിലുപരി ശാശ്വതമായ സാക്ഷാത്കാരത്തിലെത്തുവാനും ഈ ജന്മത്തിലെയും വരും ജന്മത്തിലെയും ജീവനെ ആസകലം വ്യാപിച്ചുനിൽക്കുന്ന അതിൻെറ പ്രഭാവലയത്തെ (Aura) തേജോമയമാക്കുന്നതിനും ഇതുമൂലം സാധിക്കുന്നു.


ഇത്തരം താന്ത്രികമായ ചുറ്റുപാടുകളിൽ ജീവിച്ച് അഭ്യസിച്ചതിലൂടെ പല മഹാത്മാരായ ഗുരുക്കന്മാർക്കും അസാമാന്യമായ സാക്ഷാത്കാരം സിദ്ധിച്ചിട്ടുണ്ട്. അതിൽ പലർക്കും അതു സാധ്യമായത് ഡാകിനിമാരുടെ ഹൃദയഭൂമിയായ ഗർഷ കൺഡ്രോളിങ്ങിലാണ് (ലാഹുൾ ആൻഡ് സ്പിതി). ഡാകിനിമാർ ഇവിടെ ഉപേക്ഷിച്ചുപോയ പല പവിത്രമായ അടയാളങ്ങളും ഇന്ന് നമുക്കു കാണുവാൻ സാധ്യമല്ലെങ്കിലും അവരുടെ സ്പന്ദനം ഇന്നും ഇവിടെ സജീവമായി നിലനിൽക്കുന്നു. ആചാരപരമായ അംഗവിക്ഷേപങ്ങളിലൂടെയും ദ്രവ്യങ്ങളുടെ വിനിമയത്തിലൂടെയും ഭക്തിയാൽ ആവിഷ്കരിക്കപ്പെടുന്ന പ്രാർഥനയിലൂടെയും ജപത്തിലൂടെയും സകല ശക്തികളുടെയും ചംക്രമണം ഉത്തേജിപ്പിക്കപ്പെടുകയും അതിലൂടെ ആശയവിനിമയപ്രക്രിയ മുഴുവനായിത്തന്നെ വർധിക്കുകയും ചെയ്യുന്നു. എല്ലാ സുതാര്യതയോടുംകൂടി നാം ജാഗരൂകരായി ഇരിക്കുന്നിടത്തോളം കാലം ദൈവകൃപ നമ്മുടെ എല്ലാ ഇന്ദ്രിയങ്ങളിലൂടെയും ഒഴുകിയെത്തും.


ഹിമാലയസാനുക്കളെ ഒരു പ്രത്യേക തരത്തിലുള്ള ആധ്യാത്മിക ചൈതന്യത്താൽ അനുഗൃഹീതമായ ഒരു പരിപാവന ഭൂമിയായി കരുതിപ്പോരുന്നു. ആരോഗ്യവും സമയവും അനുവദിക്കുമെങ്കിൽ കാൽനടയായി ഇവിടങ്ങളിലേക്കു പോകുന്നതാണ് ഉത്തമവും ശീഘ്രഫലദായകവും. വാഹനങ്ങളിലോ മൃഗങ്ങളുടെ പുറത്തു കയറിയിരുന്നോ യാത്ര ചെയ്യുമ്പോൾ അത് ഒരു അകൽച്ച സൃഷ്ടിക്കുകയും ആ അകൽച്ച അവിടെ നിറഞ്ഞു നിൽക്കുന്ന ശക്തമായ ചൈതന്യവുമായുള്ള ആശയവിനിമയത്തിന് വിഘാതമാകുകയും ചെയ്യുന്നു. പരമ്പരാഗതമായുള്ള തീർഥയാത്രാപഥത്തിലൂടെ തീർഥാടനം ചെയ്യണമെന്നു പറയുന്നത് ഇതുകൊണ്ടാണ്. നശ്വരമായ ലൗകികസുഖങ്ങളെക്കുറിച്ചുള്ള സകല ചിന്തകളും പരിത്യജിച്ചുകൊണ്ട് സർവം ബ്രഹ്മമയമെന്ന ചിന്തയോടെയാണു നൂറ്റാണ്ടുകൾക്കു മുൻപ് നമ്മുടെ ഋഷീശ്വരന്മാർ ഈ വഴികളിലൂടെ സഞ്ചരിച്ചത്. ആ ചൈതന്യം ഇന്നും അഭൗമമായി ഈ തീർഥയാത്രാപഥങ്ങളിൽ തുടിച്ചു നിൽക്കുന്നുണ്ട്.

എന്തൊക്കെയാണെങ്കിലും ആധ്യാത്മിക തീർഥാടകർ ഒരു കാര്യം തിരിച്ചറിയണം. അതായത്, ഈ പ്രപഞ്ചത്തിൻെറ ബാഹ്യരൂപമെന്നത് ഒരു മിഥ്യയാണ്. ഭാരതീയനായ മഹാസിദ്ധയോഗി, ശാക്യമുനി ഒരിക്കൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: 'എൻെറ അലച്ചിലിൽ ഞാൻ അനേകം ക്ഷേത്രങ്ങളും പുണ്യതീർഥാടനകേന്ദ്രങ്ങളും സന്ദർശിച്ചിട്ടുണ്ട്. എന്നാൽ, എൻെറ ഈ ശരീരമാകുന്ന ക്ഷേത്രത്തോളം നിർവൃതിദായകമായ മറ്റൊരു ക്ഷേത്രവും ഞാൻ കണ്ടിട്ടില്ല.' യഥാർഥത്തിൽ, ഒരു യോഗി എവിടെയൊക്കെ ചുറ്റിത്തിരിഞ്ഞാലും എപ്പോഴും അദ്ദേഹം മനസ്സാകുന്ന ആന്തരിക പ്രപഞ്ചത്തിൽ സ്ഥിരപ്രജ്ഞനായിരിക്കും. ആ ഈശ്വര ചൈതന്യം അകത്തും പുറത്തും ഭേദമെന്യേ നിറഞ്ഞുനിൽക്കുന്നു. പക്ഷേ, അത്തരത്തിലൊരു തിരിച്ചറിവ് അപൂർവമായതിനാൽ, ഡാകിനിമാരുടെ ലോകത്തിൽ പ്രവേശിക്കുവാനും അതിലൂടെ തങ്ങളുടെ ഉള്ളിലുള്ള ഈശ്വരചൈതന്യത്തെ തിരിച്ചറിയാനുമുള്ള അവസരം തേടി തീർഥാടകർ ഇന്നും ഗർഷ -കൺഡ്രോളിങ്ങിലേക്ക് (ലാഹുൾ ആൻഡ് സ്പിതി) എത്തിക്കൊണ്ടിരിക്കുന്നു.

(തുടരും...)


മാറുന്ന
കാലത്തിന്റെ കവിത





ആദിത്യഹൃദയം
കെ. ജയകുമാർ
₹55.00

കാലത്തിന്റെ തമോനിയമങ്ങൾക്കു മുന്നിൽ ഹതാശനാവുന്ന കവിക്ക് തന്റെ പഞ്ചേന്ദ്രിയങ്ങൾ നൽകുന്ന അനുഭവങ്ങളാണ് ഈ കവിതകൾ

₹140.00

ദയാനദിയുടെ ഹൃദയം

₹50.00

റൂമിയുടെ കവിതകൾ

കറന്റ് ബുക്സ് തൃശൂർ
റൗണ്ട് വെസ്റ്റ് തൃശൂർ ✆ 2335660
currentbooksthrissur@gmail.com

കോസ്മോ ബുക്സ്
മംഗള ടവർ, വടക്കെ ബസ്സ്റ്റാന്റ്
തൃശൂർ ✆ 2335292, 2322012
cosmobooks@asianetindia.com
പ്രസ്ക്ലബ് റോഡ്, കൊച്ചി ✆ 2353818
റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്
കോഴിക്കോട് ✆ 2703487
കോട്ടയം ✆ 08589923939